ഈ പ്രാരബ്ധകർമത്തിൻെറ ഫലമായാണ് മുക്തൻ പിന്നെയും കുറെക്കാലം ജീവിക്കുന്നത്.

ബ്രഹ്മം ഒന്നേയുള്ളു. അവിദ്യ ഒന്നോ, പലതോ? ഓരോ ജീവനും ഓരോ അവിദ്യയാണെന്നു ചില അദ്വൈതികൾ പറയുന്നു. അവിദ്യ ഒന്നാണെങ്കിലും ബ്രഹ്മസ്വരൂപത്തെ ആവരണംചെയ്യുന്നതിനുള്ള അതിൻെറ ശക്തി ഓരോ ജീവനെ സംബന്ധിച്ചും വെവ്വേറെയാണെന്നു മററു ചിലർ കരുതുന്നു. രണ്ടു വിധത്തിലായാലും ഒരു ജീവൻ മുക്തി പ്രാപിക്കുമ്പോൾ അവിദ്യ (അവിദ്യാവരണം) പൂർണമായി നശിക്കാത്തതിനാൽ മററു ജീവന്മാരെ സംബന്ധിച്ചിടത്തോളം സംസാരം തുടരുകതന്നെ ചെയ്യുന്നു.

(വൈദ്യരത്നം പി. എസ്. വാരിയർ അനുസ്മരണപ്രസംഗം)

(26 ജനുവരി, 1988)

# 75. ന്യായദർശനത്തിൽ ഈശ്വരസങ്കല്പം*

ജീവിതത്തിൻെറ ലക്ഷ്യം ഭോഗം അഥവാ സുഖാനുഭവം ആണെന്നു മിക്ക മനുഷ്യരും വിശ്വസിക്കുന്നു. എന്നാൽ, ഭോഗത്തിനു പുറമെ അപവർഗം എന്ന മറെറാരു ആത്യന്തിക ലക്ഷ്യംകൂടി ജീവിതത്തിനു് ഉള്ളതായി എല്ലാ മതാചാര്യന്മാരും ഏറെക്കുറെ എല്ലാ ദാർശനികരും കരുതുന്നുണ്ടു്. അപവർഗത്തിൻെറ സ്വരൂപത്തെപ്പററി വ്യത്യസ്ത ധാരണകളുണ്ടെങ്കിലും എല്ലാ ദുഃഖങ്ങളിൽനിന്നുമുള്ള ശാശ്വതമായ മോചനമാണ് അതെന്ന കാര്യത്തിൽ ആർക്കും അഭിപ്രായഭേദമില്ല.

തത്ത്വജ്ഞാനം (ഉള്ളതു് ഉള്ളപടി അറിയുക) ആണ് അപവർഗത്തിലേക്കു നയിക്കുക എന്ന സിദ്ധാന്തത്തിലും മിക്ക ദാർശനികരും യോജിക്കുന്നു. എങ്കിലും, 'തത്ത്വം' എന്തെന്നും, അതിൻെറ 'ജ്ഞാനം' എങ്ങനെ നേടാമെന്നുമുള്ള കാര്യത്തിൽ പല വീക്ഷണഭേദങ്ങളുമുണ്ട്. ഇത്തരം ആറു് വീക്ഷണഭേദങ്ങൾ, സഹസ്രാബ്ദങ്ങൾക്കു മുമ്പുതന്നെ, ഇന്ത്യയിലെ ഋഷിവാടങ്ങളിൽ തലമുറകളായി ചർച്ചചെയ്യപ്പെട്ടിരുന്നു; ഈ ചർച്ചകളുടെ പരിണതഫലങ്ങൾ അതിസംക്ഷിപ്തരൂപത്തിലുള്ള സൂത്രഗ്രന്ഥങ്ങളും, അവയ്ക്കുള്ള വിസ്തൃത വ്യാഖ്യാനങ്ങളുമായി ക്രോഡീകരിക്കപ്പെടുകയുംചെയ്തിരുന്നു. 'ഷഡ്ദർശനങ്ങൾ' എന്ന പേരിൽ വ്യവഹരിക്കപ്പെടുന്നതു് ഈ ഗ്രന്ഥങ്ങളിൽ പ്രതിപാദിക്കപ്പെടുന്ന ചിന്താപദ്ധതികളാണ്. യോഗം, സാംഖ്യം, ന്യായം, വൈശേഷികം, പൂർവമീമാംസ, ഉത്തരമീമാംസ എന്നിവയാണ് ഷഡ്ദർശനങ്ങൾ. പതഞ്ജലി, കപിലൻ, ഗൗതമൻ, കണാദൻ, ജൈമിനി, ബാദരായണൻ എന്നീ ഋഷിമാർ യഥാക്രമം ഈ ആറു് ദർശനങ്ങളുടെ പ്രതിഷ്ഠാപകരായി കരുതപ്പെടുന്നു.

## ന്യായദർശനം

പ്രമ, ഭ്രമം, സ്മൃതി, അനുഭവം മുതലായ ജ്ഞാനത്തിൻെറ പ്രകാരഭേദങ്ങൾ, ജ്ഞാനം നേടുന്നതിനുള്ള പ്രത്യക്ഷം, അനുമാനം, ശബ്ദം മുതലായ ഉപകരണങ്ങൾ അഥവാ പ്രമാണങ്ങൾ, ജ്ഞാനത്തിനു വിഷയമാകുന്ന പദാർത്ഥങ്ങൾ അഥവാ പ്രമേയങ്ങൾ, അറിഞ്ഞ കാര്യം മറെറാരാളെ അറിയിക്കുന്നതിനുള്ള സംവാദത്തിൻെറ സ്വീകാര്യങ്ങളും ത്യാജ്യങ്ങളുമായ പല രൂപങ്ങൾ, സംവാ

* Gangesa's Philosophy of God—Edited with introduction and English translation by Dr. John Vattanky, S. J. Adyar Library, Madras-PP. 422.

ദത്തിൽ അവലംബിക്കേണ്ട യുക്തികളും ഒഴിവാക്കേണ്ട യുക്ത്യാഭാസങ്ങളും— ഏതാണ്ട് ഇതൊക്കെയാണ് ഗൗതമമുനി ക്രോഡീകരിച്ച ന്യായസൂത്രങ്ങളിൽ പ്രതിപാദിക്കപ്പെടുന്നത്. അതിവിദഗ്ധനായ ഒരു അദ്ധ്യാപകന്റെ അതിഹ്രസ്വങ്ങളായ പാഠക്കുറിപ്പുകളായേ സൂത്രങ്ങളെ കണക്കാക്കാൻ കഴിയൂ. സൂത്രങ്ങളിൽ ആചാര്യൻ ഉള്ളടക്കിയ ചിന്താധാര എന്തെന്ന് ശിഷ്യൻ ഗുരുമുഖത്തിൽനിന്ന് നേരിട്ടുതന്നെ ഗ്രഹിക്കണം. ഈ ഗ്രഹണം കൂടുതൽ അനായാസമാക്കുന്നതിനുവേണ്ടി, സൂത്രങ്ങൾക്ക് പിൽക്കാലത്തു രചിക്കപ്പെട്ട വ്യാഖ്യാനങ്ങളെ 'ഭാഷ്യങ്ങൾ' എന്നു പറയുന്നു. ഗൗതമന്റെ ന്യായസൂത്രങ്ങൾക്ക് വാത്സ്യായനൻ രചിച്ച ഭാഷ്യം ആണ് ന്യായദർശനത്തിന്റെ ഏകദേശരൂപമെങ്കിലും പിൽക്കാലത്തെ ജിജ്ഞാസുക്കൾക്ക് മനസ്സിലാക്കിക്കൊടുത്തത്. ഭാഷ്യത്തിന്റെ പൂരണമെന്ന നിലയിൽ ഉദ്യോതകരൻ നിർമിച്ച വാർത്തികവും ഭാഷ്യത്തോടൊപ്പം പ്രാമാണികമായി കരുതപ്പെടുന്നു. സൂത്രകാരനായ ഗൗതമനും ഭാഷ്യകാരനായ വാത്സ്യായനനും അതിപ്രാചീനരാണ്; എന്നാൽ, വാർത്തികകാരനായ ഉദ്യോതകരൻ ജീവിച്ചത് ക്രിസ്തുവർഷം ഏഴാം നൂററാണ്ടിലായിരിക്കണമെന്ന് ഏറെക്കുറെ അംഗീകരിക്കപ്പെട്ടിരിക്കുന്നു.

വാത്സ്യായനഭാഷ്യം നിർമിക്കപ്പെട്ട കാലംമുതൽ, അതിൽ ഉന്നയിച്ച പല സിദ്ധാന്തങ്ങളും നിശിതമായ വിമർശനത്തിനു വിഷയമാവുകയുണ്ടായി. ഭാരതീയങ്ങളായ ആറു ദർശനങ്ങളും പല അടിസ്ഥാന കാര്യങ്ങളിലും വ്യത്യസ്തങ്ങളോ വിരുദ്ധങ്ങൾതന്നെയോ ആയ വീക്ഷണങ്ങളാണ് പുലർത്തിവന്നത്. അതിനാൽ, ഈ ദർശനങ്ങൾ ഓരോന്നും മററു ദർശനങ്ങളുടെ വീക്ഷണവിശേഷങ്ങളെ ഖണ്ഡിച്ച് സ്വമതം സ്ഥാപിക്കുന്നതിൽ വ്യഗ്രത പ്രദർശിപ്പിച്ചുവന്നു. 'വാദേ വാദേ ജായതേ തത്ത്വബോധഃ' എന്നത് പഴയ ഒരു പ്രമാണമാണ്. തത്ത്വം അറിയുന്നതിനുവേണ്ടി, ഏതു പ്രാമാണികനോടും വിയോജിപ്പ് പ്രകടിപ്പിക്കുന്നതിൽ പ്രാചീന ഭാരതീയദാർശനികർക്ക് തരിമ്പും സങ്കോചമുണ്ടായിരുന്നില്ല. മററു ദർശനസമ്പ്രദായങ്ങളിൽ ശിക്ഷണം നേടിയവർ മാത്രമല്ല, ഒരേ ദർശനത്തിൽ വിശ്വസിക്കുന്നവർതന്നെ, തങ്ങളുടെ പൂർവികരുടെയും സമകാലികരുടെയും സിദ്ധാന്തങ്ങളിലുള്ള യുക്തിരാഹിത്യം ചൂണ്ടിക്കാണിക്കാനും തിരുത്താനും മുന്നോട്ടുവന്നിരുന്നു. ഗുരുവിന്റെ അഭിപ്രായങ്ങളെ ശിഷ്യൻ തിരുത്തുന്നത് ഭാരതീയദർശനങ്ങളിൽ സർവസാധാരണമാണ്. ഇതിനു പുറമെ, അവൈദികങ്ങളായ ബൗദ്ധദർശനം, ജൈനദർശനം, ചാർവാകദർശനം എന്നിവയുടെ എതിർപ്പും ഷഡ്ദർശനങ്ങൾക്കു നേരിടേണ്ടിവന്നു. ഇവയിൽ, ചാർവാക ദർശനത്തിന്റെ എതിർപ്പ് അത്ര സാരമായിരുന്നില്ല. സാധാരണജനങ്ങളുടെ ഉപരിതല ജീവിതവീക്ഷണമെന്നതിൽ കവിഞ്ഞ്, യുക്തിഭദ്രത അവകാശപ്പെടാൻ കഴിയുംവിധം ചാർവാകദർശനം ഇന്ത്യയിൽ വളർന്നില്ല. എന്നാൽ, ബൗദ്ധ–ജൈന ദർശനങ്ങളുടെ കഥ അതല്ല. വൈദികങ്ങളായ ഷഡ്ദർശനങ്ങളോടൊപ്പംതന്നെ അവൈദികങ്ങളായ ബൗദ്ധ–ജൈന ദർശനങ്ങളും ഗുരുകുലങ്ങളിലൂടെ വളർന്ന് പുഷ്ടി പ്രാപിച്ചു; ഈ അവൈദിക ദർശനങ്ങളുടെ തീവ്രവും നിരന്തരവുമായ വിമർശനം വൈദിക ദർശനങ്ങൾക്ക് എന്നുമെന്നും നേരിടേണ്ടതായുംവന്നു. പ്രത്യേകിച്ച് ബൗദ്ധദർശനം സ്വന്തമായ ഒരു ന്യായശാസ്ത്രം വളർത്തിയെടുത്തു; അതുപയോഗിച്ച് വൈദിക ന്യായദർശനത്തെ നിഷ്കരുണമായും പലപ്പോഴും മാരകമായും ബൗദ്ധദാർശനികർ ആക്രമിക്കുകയുംചെയ്തു.

വാത്സ്യായനഭാഷ്യത്തെ ക്രിസ്തുവിനുശേഷം അഞ്ചാം നൂററാണ്ടിൽ ജീവിച്ചിരുന്ന ബൗദ്ധദാർശനികനായ വസുബന്ധു നിഷ്കൃഷ്ട വിമർശനത്തിനു വിധേയമാക്കി. ഈ വിമർശനത്തിനു മറുപടി പറയുന്നതിനുകൂടിയാണ് ഉദ്യോതകരൻ ന്യായവാർത്തികം രചിച്ചത്. ഭാരതീയ ദാർശനികരിൽ ശങ്കരാചാര്യരോട് അടുത്തുനില്ക്കുവാൻ എന്തുകൊണ്ടും അർഹനായ 'ധർമകീർത്തി' യാണ് വൈദികദർശനങ്ങളെ ഏററവുമധികം ആക്രമിച്ച് ഖണ്ഡിച്ചിട്ടുള്ള

ബൗദ്ധദാർശനികൻ ധർമ്മകീർത്തിയുടെ 'പ്രമാണവാർത്തികം' താരതമ്യേന അടുത്തകാലത്തു മാത്രമാണ് വെളിച്ചം കണ്ടതു്. ആ ഗ്രന്ഥം വേണ്ടവിധത്തിൽ ഇനിയും അദ്ധ്യയനം ചെയ്യപ്പെട്ടിട്ടില്ല. ധർമ്മകീർത്തിക്കുശേഷം 'തത്ത്വസംഗ്രഹം' എന്ന ഗ്രന്ഥം രചിച്ച ശാന്തരക്ഷിതനും ആ ഗ്രന്ഥത്തിനു് 'പഞ്ചികാ' എന്ന വ്യാഖ്യാനം രചിച്ച കമലശീലനും ഉദ്യോതകരന്റെ വാർത്തികത്തിലെ പല സിദ്ധാന്തങ്ങളേയും നിരാകരിച്ചു. ബൗദ്ധരുടെ ഈ കടന്നാക്രമണത്തിൽ നിന്നു് ഉദ്യോതകരനെ സംരക്ഷിക്കുന്നതിനുവേണ്ടിയാണു്, ക്രിസ്തുവർഷം പത്താം നൂറ്റാണ്ടിൽ മിഥിലയിൽ ജീവിച്ചിരുന്ന മഹാദാർശനികനായ വാചസ്പതിമിശ്രൻ 'ന്യായവാർത്തിക താൽപര്യടീക' എന്ന ഗ്രന്ഥം നിർമിച്ചതു്. ശങ്കരാചാര്യർ രചിച്ച ബ്രഹ്മസൂത്രഭാഷ്യത്തിനു് 'ഭാമതി' എന്ന സുപ്രസിദ്ധമായ വ്യാഖ്യാനം എഴുതി, അദ്വൈതചിന്തയിൽ ഒരു പുതിയ പ്രസ്ഥാനം സ്ഥാപിച്ച വാചസ്പതിമിശ്രൻ, ന്യായവാർത്തികതാൽപര്യടീകയുടെ നിർമാണത്തോടെ 'ടീകാചാര്യൻ', 'താൽപര്യാചാര്യൻ' എന്നീ ബിരുദങ്ങളാൽ നൈയായിക പരിഷത്തുകളിൽ ബഹുമാനിക്കപ്പെട്ടുതുടങ്ങി.

## ഉദയനൻ

വാചസ്പതിമിശ്രനുശേഷം ഒന്നോ രണ്ടോ തലമുറകരം കഴിഞ്ഞു്, ക്രിസ്തുവർഷം പതിനൊന്നാം ശതകത്തിൽ മിഥിലയിൽ ജീവിച്ച ഉദയനാചാര്യൻ പ്രാചീനവും നവ്യവുമായ ന്യായശാസ്ത്രങ്ങളെ കോർത്തിണക്കുന്ന കണ്ണിയാകുന്നു. വാചസ്പതിയുടെ ന്യായവാർത്തികതാല്പര്യടീകയുടെ വ്യാഖ്യാനമായ 'ന്യായവാർത്തികതാൽപര്യപരിശുദ്ധി', കണാദന്റെ വൈശേഷികസൂത്രങ്ങരംക്കു് പ്രശസ്തപാദൻ നിർമിച്ച ഭാഷ്യത്തിന്റെ വ്യാഖ്യാനമായ 'കിരണാവലി', 'ലക്ഷണാവലി', 'ലക്ഷണമാല', 'ആത്മതത്ത്വവിവേകം', 'ന്യായപരിശിഷ്ടം' എന്നിവയും നവ്യന്യായത്തിന്റെ ആരംഭബിന്ദുവായി കണക്കാക്കപ്പെടുന്ന സുപ്രസിദ്ധമായ 'കുസുമാഞ്ജലി'യും ഉദയനന്റെ കൃതികളാണു്. ഭാരതീയ പ്രാചീന ന്യായശാസ്ത്രത്തിന്റെ നാലു് ആധാരസ്തംഭങ്ങളായി കണക്കാക്കപ്പെടുന്നതു് വാത്സ്യായനഭാഷ്യം, ഉദ്യോതകരവാർത്തികം, വാചസ്പതി ടീക, ഉദയനന്റെ താല്പര്യപരിശുദ്ധി എന്നീ നാലു ഗ്രന്ഥങ്ങളാകുന്നു. ഇവയെ 'ചതുർഗ്രന്ഥി' എന്നു വിളിക്കുന്നു.

ഈശ്വരാസ്തിക്യം നിഷേധിച്ചിരുന്ന ബൗദ്ധന്മാരുടെ വാദങ്ങരം ഖണ്ഡിച്ചു്, ഏകനും അശരീരനും സർവജ്ഞനുമായ ഈശ്വരന്റെ സത്ത യുക്തികളിലൂടെ സ്ഥാപിച്ചവരിൽ അഗ്രഗണ്യനത്രേ ഉദയനൻ. ന്യായസൂത്രങ്ങളിൽ അങ്കുരാവസ്ഥയിലുള്ള ഈശ്വരാനുമാനം ഉദയനൻ പരമാവധി വികസിപ്പിച്ചു പരിഷ്കരിച്ചു. ഗ്രന്ഥനിർമാണത്തിലൂടെയെന്നപോലെ നേരിട്ടുള്ള വാദപ്രതിവാദങ്ങളിലൂടെയും ഉദയനൻ ബൗദ്ധരെ എതിർത്തുപോന്നു. തന്നെ അനാദരിച്ചുവെന്നു കരുതപ്പെട്ട പുരീക്ഷേത്രത്തിലെ പ്രതിഷ്ഠാമൂർത്തിയായ ജഗന്നാഥനോടു് ഉദയനൻ പറഞ്ഞതായി വിശ്വസിക്കപ്പെടുന്ന താഴെ ചേർത്ത പദ്യം വളരെ പ്രസിദ്ധമാണു്.

> ഐശ്വര്യമദമത്തോ ƒസി,
> മാമവജ്ഞായ വർത്തസേ
> ഉപസ്ഥിതേഷു ബൗദ്ധേഷു
> മദധീനാ തവ സ്ഥിതിഃ

ഉദയനാചാര്യൻ 'ആത്മതത്ത്വവിവേക'മെന്ന ഗ്രന്ഥമെഴുതിയതു് ബൗദ്ധപണ്ഡിതന്മാരുടെ വാദഗതികളെ നിരസിക്കുന്നതിനുവേണ്ടിയാണു്. ഈ ബൗദ്ധപണ്ഡിതന്മാരിൽ പ്രമുഖർ 'വിക്രമശീല' എന്ന പ്രാചീന വിശ്വവിദ്യാലയത്തിലെ പ്രധാനാചാര്യനായിരുന്ന ജ്ഞാനശ്രീമിത്രനും അദ്ദേഹത്തിന്റെ ശിഷ്യനായിരുന്ന രത്നകീർത്തിയുമാകുന്നു.

ബീഹാറിൽ ഭാഗൽപൂർ നഗരത്തിനടുത്ത് ഗംഗാതീരത്തിൽ 'അന്തിചക്ക്' എന്ന പേരിൽ ഇപ്പോൾ അറിയപ്പെടുന്ന ഗ്രാമത്തിന്റെ പരിസരത്തിലാണ് സുപ്രസിദ്ധമായ വിക്രമശീല വിശ്വവിദ്യാലയത്തിന്റെ അവശിഷ്ടങ്ങൾ സ്ഥിതിചെയ്യുന്നത്. ക്രിസ്തുവർഷം ഒമ്പതാം നൂററാണ്ടിൽ, 'വിക്രമശീലൻ' എന്ന ബിരുദമുണ്ടായിരുന്ന ധർമപാലനെന്ന രാജാവ് സ്ഥാപിച്ച ഈ വിശ്വവിദ്യാലയം ഇന്ത്യയിൽ മഹായാനബുദ്ധമതത്തിന്റെ ഒരു പ്രമുഖകേന്ദ്രമായിരുന്നു. തിബത്തിൽ ബുദ്ധമതം പ്രചരിപ്പിക്കുന്നതിന് വിക്രമശീലയിലെ പണ്ഡിതന്മാർചെയ്ത സേവനം നിസ്തുലമാണ്. ക്രിസ്തുവർഷം പതിമൂന്നാം നൂററാണ്ടിൽ ബക്തിയാർ ഖിൽജി ഈ വിശ്വവിദ്യാലയം ആക്രമിച്ച് കീഴടക്കി; അതിലെ അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും വാളിന്നിരയാക്കി. വിശ്വവിദ്യാലയം ആകെ തീവെച്ച് നശിപ്പിക്കുകയുംചെയ്തു. ജനവാസമില്ലാതെ മുടിഞ്ഞുകിടന്ന വിശ്വവിദ്യാലയത്തിന്റെ അവശിഷ്ടങ്ങൾ, തുടർന്നുവന്ന വർഷങ്ങളിൽ ഗംഗയിൽ ഉണ്ടായിക്കൊണ്ടിരുന്ന വെള്ളപ്പൊക്കങ്ങൾമൂലം എത്രയോ മീററർ കനത്തിൽ ചെളിമണ്ണ് വന്നു മൂടിപ്പോയി. അങ്ങനെയുണ്ടായ കുന്നിനു മീതെ മരങ്ങൾ വളർന്നു; കർഷകർ വിളവിറക്കിത്തുടങ്ങി. ഈ സ്ഥലത്തു് ആഴത്തിൽ കിണറുകൾ കുഴിച്ച്, അവയിൽനിന്നു് പഴയ ഇഷ്ടികകൾ എടുത്ത് കെട്ടിടങ്ങളുണ്ടാക്കുക ഗ്രാമീണരുടെ പതിവായി. വിക്രമശീല വിശ്വവിദ്യാലയത്തെപ്പററിയുള്ള എല്ലാ സ്മരണകളും ഇന്ത്യയിലെ ജനങ്ങളുടെ ഹൃദയങ്ങളിൽനിന്നു മാഞ്ഞുപോയി. തിബത്തുകാരുടെ ഹൃദയങ്ങളിൽ മാത്രം ആ ഓർമ നിലനിന്നു.

1976-ൽ ബിഹാർ ഗവണ്മെൻറിന്റെ ആർക്കിയോളജി വിഭാഗം ഇവിടെ ചെറിയ തോതിൽ ഉൽഖനനങ്ങൾ തുടങ്ങി. 1978-ൽ പ്രസിദ്ധ ബംഗാളി സാഹിത്യകാരനായ ബിമൽമിത്ര, ജ്ഞാനപീഠ സമ്മാനം നേടിയ തമിഴ് സാഹിത്യകാരനായ അഖിലൻ എന്നിവർ ഒരുമിച്ച് ഈ പ്രദേശം സന്ദർശിക്കാൻ എനിക്ക് അവസരം ലഭിച്ചു. ഒരു കോട്ടയുടെ ആകൃതിയിൽ ക്രൂററനായ ഒരു നാലുകെട്ട്. നടുവിലുള്ള വലിയ മുററത്തിൽ വളരെ വലിയ ഒരു ചൈത്യം എന്നിവയുടെ അവശിഷ്ടങ്ങളാണു ഞങ്ങൾ അവിടെ കണ്ടതു്. നാലുകെട്ടിൽ അദ്ധ്യാപകർക്കുള്ള അമ്പതോളം മുറികളും ലക്ചർഹാളുകളും ഗ്രന്ഥശാലകളും മററുമാണ്. നടുവിലുള്ള ചൈത്യത്തിനു ചുററും മുകളിലും താഴെയും രണ്ടു തട്ടുകളിലായി പ്രദക്ഷിണവഴികളുണ്ട്. കളിമണ്ണിൽ ചുട്ടെടുത്ത വലിയ ബുദ്ധപ്രതിമകളും മററു് ഉദ്ഭൃതചിത്രങ്ങളുംകൊണ്ട് ഈ ചൈത്യത്തെ അലങ്കരിച്ചിരിക്കുന്നു. ഈ നാലുകെട്ടിന്റെ അകത്തേക്കു കടക്കുവാൻ വിസ്തൃതമായ ഒരു ഗോപുരം തെക്കുവശത്തുണ്ട്. നാലുകെട്ടിൽനിന്നു പുറത്തേക്കു പോകുവാൻ എതിർവശത്തുണ്ടായിരുന്ന ചെറിയ നിർഗമദ്വാരം പിൽക്കാലത്തു് ഇഷ്ടികകൊണ്ടു കെട്ടിയടയ്ക്കപ്പെട്ടു. വിക്രമശീല വിശ്വവിദ്യാലയത്തിൽ അടുക്കളയുണ്ടായിരുന്നില്ല. പുറത്തുള്ള ഗ്രാമങ്ങളിൽ പോയി ഭിക്ഷയെടുത്തു ഭക്ഷിക്കുകയാണത്രേ വിദ്യാർത്ഥികൾ (ഒരുപക്ഷേ, അദ്ധ്യാപകരും) ചെയ്തുവന്നതു്. സർവകലാശാലയ്ക്കു പുറത്തു് തിബത്തുകാർ നിർമിച്ച വലിയ ഒരു ധർമശാലയുടെ അവശിഷ്ടങ്ങൾ ഇപ്പോഴും കാണാം.

ക്രിസ്തുവർഷം 1038-ൽ ജ്ഞാനശ്രീമിത്രൻ വിക്രമശീല വിശ്വവിദ്യാലയത്തിലെ ദ്വാരപാലൻ—പ്രധാനാചാര്യൻ—ആയിരുന്നുവെന്നതിന് തിബത്തൻ രേഖകളുണ്ട്. സംസ്കൃതത്തിൽ ജ്ഞാനശ്രീമിത്രൻ രചിച്ച പന്ത്രണ്ടു കൃതികൾ അടുത്തകാലത്തു് തിബത്തിൽനിന്നു കണ്ടെടുത്തു പ്രസിദ്ധീകരിച്ചിരിക്കുന്നു. ക്ഷണഭംഗാദ്ധ്യായം, വ്യാപ്തിചർച്ച, ഭേദാഭേദപരീക്ഷ, ഈശ്വരവാദം, അനുപലബ്ധിരഹസ്യം, സർവശബ്ദാഭാവചർച്ച, അപോഹപ്രകരണം, കാര്യകാരണഭാവസിദ്ധി, യോഗിനിർണയം, അദ്വൈതബിന്ദുപ്രകരണം, സാകാരസിദ്ധി, സാകാരസംഗ്രഹസൂത്രം എന്നിവയാണ് ഈ കൃതികൾ. ഇവയിൽ ആദ്യം പറഞ്ഞ ക്ഷണഭംഗാദ്ധ്യായമാണ് ജ്ഞാനശ്രീമിത്രന്റെ മുഖ്യ

കൃതി. ഉദയനാചാര്യൻ പ്രധാനമായി ഖണ്ഡിക്കുന്നതു ക്ഷണഭംഗാദ്ധ്യായത്തിൽ ജ്ഞാനശ്രീമിത്രൻ ഉന്നയിച്ച വാദമുഖങ്ങളാകുന്നു.

ജ്ഞാനശ്രീമിത്രന്റെ ശിഷ്യനായ രത്നകീർത്തി സംസ്കൃതത്തിൽ പതിമൂന്നു കൃതികഠം രചിച്ചിട്ടുള്ളതായി കാണുന്നു. ഗുരുവായ ജ്ഞാനശ്രീയുടെ പല കൃതികളും ശിഷ്യൻ സംഗ്രഹിച്ചിട്ടുണ്ട്. 'ആത്മതത്ത്വവിവേക'ത്തിൽ രണ്ടു സ്ഥലത്തു് ഉദയനൻ രത്നകീർത്തിയെ ഖണ്ഡിച്ചിരിക്കുന്നു.

## ഗംഗേശോപാധ്യായൻ

നവ്യന്യായത്തിന്റെ പ്രാരംഭകൻ ഉദയനനാണെങ്കിലും അതുവരെ രണ്ടായി പിരിഞ്ഞൊഴുകിയ ന്യായ–വൈശേഷിക ദർശനങ്ങളെ ഏകീകരിച്ചു ഭദ്രമായ അടിസ്ഥാനത്തിൽ ആ യുക്തിചിന്താപദ്ധതിയെ പ്രതിഷ്ഠിച്ചതു് ക്രിസ്തുവർഷം പതിന്നാലാം ശതകത്തിന്റെ പ്രാരംഭത്തിൽ മിഥിലയിൽ ജീവിച്ചിരുന്ന ഗംഗേശോപാധ്യായന്റെ 'തത്ത്വചിന്താമണി' എന്ന ഗ്രന്ഥമാകുന്നു. മൂന്നു ലക്ഷത്തിയെൺപത്തിനാലായിരം അക്ഷരങ്ങളുള്ള ബൃഹത്തായ ഒരു കൃതിയാണു് തത്ത്വചിന്താമണി. ജ്ഞാനം നേടുന്നതിനുള്ള നാലു് ഉപായങ്ങളായ പ്രത്യക്ഷം, അനുമാനം, ഉപമാനം, ശബ്ദം എന്ന 'പ്രമാണ'ങ്ങളെ പ്രതിപാദിക്കുന്ന നാലു ഖണ്ഡങ്ങളാണു് ഈ ഗ്രന്ഥത്തിലുള്ളതു്. ഈ ഖണ്ഡങ്ങളിലായി ഇരുനൂറിലധികം വ്യത്യസ്ത വിഷയങ്ങഠം ചർച്ചചെയ്യപ്പെട്ടിരിക്കുന്നു. തത്ത്വചിന്താമണിയിലെ ഓരോറ വാക്യമെടുത്തു വിശദമായി വ്യാഖ്യാനിക്കുന്ന പൂർണഗ്രന്ഥങ്ങഠം പിൽക്കാലത്തു നിർമിക്കപ്പെട്ടിട്ടുണ്ട്.

എന്തു പറയുന്നു എന്നതിലേറെ എങ്ങനെ പറയുന്നു എന്നതിലായിത്തീർന്നു ഗംഗേശോപാധ്യായന്റെ കാലമാകുമ്പോഴേക്കു് നൈയായികരുടെ ശ്രദ്ധ. പറയുമ്പോഠം ഉദ്ദേശിക്കുന്നതെന്തു് എന്നു നിഷ്കൃഷ്ടമായി നിർവചിക്കുന്നതിനായി അസാധാരണവും നിസ്തുല്യവുമായ ഒരു ഗദ്യശൈലിയും ആശയസംവിധാനക്രമവും നവ്യനൈയായികർ വളർത്തിയെടുത്തു. നവ്യന്യായശാസ്ത്രത്തെ ഒരേ സമയം അമൂല്യവും അതിദുർഗ്രഹവുമാക്കിത്തീർത്ത ഈ സാങ്കേതികശൈലി തത്ത്വചിന്താമണിയിൽനിന്നു് ആരംഭിക്കുകയും ഗദാധരർ, ജഗദീശൻ എന്നീ പിൽക്കാല വ്യാഖ്യാതാക്കളുടെ കൈയിൽ പിന്നെയങ്ങോട്ടു വളരാൻ കഴിയാത്തവിധം പൂർണത പ്രാപിക്കുകയുംചെയ്തു.

വാചസ്പതിമിശ്രന്റെ കാലത്താ(ക്രിസ്തുവർഷം പത്താം നൂററാണ്ടിൽ)ണു് ബൗദ്ധപണ്ഡിതന്മാരുമായി ഹൈന്ദവപണ്ഡിതന്മാർ നടത്തിപ്പോന്ന ദാർശനികചർച്ചകഠം ഏററവുമധികം ഫലദായകമായിരുന്നതു്. പിന്നീടിങ്ങോട്ടു് ഇന്ത്യയിൽ ബുദ്ധമതം ക്ഷയിക്കുകയും, ഹിന്ദുമതത്തിൽനിന്നു വളരെയൊന്നും വ്യത്യസ്തമല്ലാത്ത ആചാരപ്രധാനമായ ഒരു ആരാധനാസമ്പ്രദായം മാത്രമായി മഹായാന ബുദ്ധമതം തരംതാഴുകയുംചെയ്തു. അതിനാൽ ക്രിസ്തുവർഷം പതിനാലാം ശതകത്തിൽ ജീവിച്ചിരുന്ന ഗംഗേശോപാധ്യായനു് ബൗദ്ധരായ എതിരാളികളോടു വളരെയൊന്നും ഏററുമുട്ടേണ്ടിവന്നില്ല. ബൗദ്ധർക്കെതിരെ തന്റെ പ്രാചീനർ, പ്രത്യേകിച്ചു് ഉദയനൻ ഉന്നയിച്ചിരുന്ന വാദഗതികഠം കുറെയൊക്കെ പരിഷ്കരിച്ചു് ആവർത്തിക്കുക മാത്രമാണു് അദ്ദേഹം ചെയ്തതു്. എന്നാൽ, വൈദികദർശനങ്ങളായ പൂർവമീമാംസയിലെയും ഉത്തരമീമാംസയിലെയും പല സിദ്ധാന്തങ്ങളെ ഗംഗേശോപാദ്ധ്യായനു ഖണ്ഡിക്കേണ്ടതായി വന്നു. ഗംഗേശോപാധ്യായന്റെ പ്രധാന എതിരാളികഠം പ്രാഭാകരമീമാംസകരാണെന്നു പറയാം.

തത്ത്വചിന്താമണിയിലെ എല്ലാ ഭാഗങ്ങഠംക്കും ഇപ്പോഠം തുല്യമായ പ്രചാരമില്ല. നിർമാണത്തിനുശേഷം രണ്ടു നൂററാണ്ടു കഴിഞ്ഞു് 'ദീധിതി' എന്ന അതിപ്രശസ്തമായ വ്യാഖ്യാനം നിർമിക്കപ്പെട്ടപ്പോഴേക്കു് 'മണി'യിലെ പല ഭാഗങ്ങളും പ്രചാരലുപ്തങ്ങളായിക്കഴിഞ്ഞിരുന്നു. അതിനാൽ തത്ത്വ

ചിന്താമണിയിലെ ചില ഭാഗങ്ങൾക്കു മാത്രമേ ദീധിതിവ്യാഖ്യാനമുള്ളു. തത്ത്വചിന്താമണിയിലെ ഏററവും പ്രചാരം നേടിയ ഭാഗങ്ങൾ അതിലെ അനുമാനഖണ്ഡവും ശബ്ദഖണ്ഡവുമാണ്. വ്യാപ്തികാണ്ഡമെന്നും ജ്ഞാനകാണ്ഡമെന്നും അനുമാനഖണ്ഡം രണ്ടായി വിഭജിക്കപ്പെട്ടിരിക്കുന്നു. വ്യാപ്തികാണ്ഡത്തിലെ പഞ്ചലക്ഷണി, ചതുർദശലക്ഷണി, സിദ്ധാന്തലക്ഷണം മുതലായ ഭാഗങ്ങളിൽ നിഷ്കൃഷ്ടമായ വിജ്ഞാനം നേടുകയായിരുന്നു അടുത്തകാലത്തു് ഇന്ത്യയിൽ ന്യായശാസ്ത്രാദ്ധ്യയനത്തിന്റെ ലക്ഷ്യം. തത്ത്വചിന്താമണി ഗ്രന്ഥം പൂർണ്ണമായി ലഭ്യമല്ല; അതു മുഴുവൻ പഠിച്ചു ഹൃദിസ്ഥമാക്കുക ആവശ്യമോ സാദ്ധ്യമോ ആണെന്നു കരുതപ്പെട്ടിരുന്നുമില്ല. തൃപ്പൂണിത്തുറ സംസ്കൃത കോളേജിൽ ആറു വർഷം നീണ്ടുനിന്ന ഏകതാനമായ ന്യായ ശാസ്ത്രാദ്ധ്യയനത്തിൽ അവസാനത്തെ മൂന്നു വർഷവും വിനിയോഗിച്ചിരുന്നതു തത്ത്വചിന്താമണിയിലെ അനുമാനഖണ്ഡത്തിലെ ഏതാനും പ്രകരണങ്ങൾ വ്യാഖ്യാനങ്ങളോടൊപ്പം നിഷ്കൃഷ്ടമായി പഠിക്കുന്നതിനായിരുന്നു. നിർമിക്കപ്പെട്ടു് ഏറെ വർഷങ്ങൾ കഴിയുംമുമ്പു് തത്ത്വചിന്താമണി അഖിലഭാരത പ്രശസ്തിനേടി. അതിനു വളരെയധികം വ്യാഖ്യാനങ്ങളും വ്യാഖ്യാനങ്ങൾക്കു വ്യാഖ്യാനങ്ങളുമുണ്ടായി 'മണി'യുടെ പ്രശസ്തി പ്രാചീന ന്യായശാസ്ത്രഗ്രന്ഥങ്ങളുടെ പ്രചാരത്തെ പ്രതികൂലമായി ബാധിച്ചു. ഏറെക്കുറെ തത്ത്വചിന്താമണിയുടെ സംക്ഷേപമെന്നു പറയാവുന്ന 'സിദ്ധാന്തമുക്താവലി' അതിന്റെ വ്യാഖ്യാനമായ 'ദിനകരി'യോടൊപ്പം പഠിച്ചശേഷം മണിയിൽ അനുമാനഖണ്ഡത്തിൽനിന്നും ശബ്ദഖണ്ഡത്തിൽനിന്നുമുള്ള ഏതാനും പ്രകരണങ്ങൾ ഗദാധരവ്യാഖ്യാനത്തോടെ പഠിച്ചുറപ്പിച്ചു ന്യായശാസ്ത്രപഠനം അവസാനിപ്പിക്കുകയാണ് അടുത്തകാലത്തു് കേരളത്തിൽ ചെയ്തുവന്നതു്.

## ഈശ്വരാനുമാനം

തത്ത്വചിന്താമണിയിലെ അനുമാനഖണ്ഡത്തിന്റെ അവസാന ഭാഗത്തിൽ 'ക്ഷിത്യാദികം സകർത്തൃകം, കാര്യത്വാൽ, ഘടവൽ' എന്ന അനുമാനംകൊണ്ടു് ഈശ്വരനുണ്ടെന്നു് ഗംഗേശോപാധ്യായൻ സ്ഥാപിക്കുന്നു. 'ഭൂമി മുതലായവ നിർമിക്കപ്പെടുന്നവയായതുകൊണ്ടു് അവയ്ക്കു് ഒരു നിർമാതാവുണ്ടു്; നിർമിക്കപ്പെടുന്ന കുടത്തിനു് ഒരു നിർമാതാവുള്ളതുപോലെ' എന്നാണു് ഈ അനുമാനത്തിന്റെ ലളിതമായ സ്വരൂപം. ഈ അനുമാനത്തിൽ ഉപയോഗിക്കുന്ന ഓരോ പദത്തിന്റെയും ഉദ്ദിഷ്ടമെന്തെന്നു നിർവചിക്കുകയാണു പിന്നെ. ഈ ചർച്ചയിൽ ന്യായശാസ്ത്രത്തിന്റെ പല അടിസ്ഥാനതത്ത്വങ്ങളും പ്രതിപാദിക്കപ്പെടുന്നു; ബൗദ്ധർ, മീമാംസകർ മുതലായ ദാർശനികരുടെ പല ധാരണകളും തിരുത്തപ്പെടുകയുംചെയ്യുന്നു. ഈശ്വരന്റെ സർവജ്ഞത്വം, ഏകത്വം, അശരീരത്വം മുതലായ സവിശേഷതകളും ചർച്ചാവിഷയമാകുന്നു.

തത്ത്വചിന്താമണി മൂലഗ്രന്ഥം വായിച്ചു മനസ്സിലാക്കാൻ കഴിവു് കേരളത്തിൽ ഇപ്പോൾ വിരലിലെണ്ണാവുന്നവർക്കു മാത്രമേയുള്ളു. ഭാരതത്തിലാകെയെടുത്താലും അവരുടെ സംഖ്യ വലുതായിരിക്കുകയില്ല. നീണ്ട വർഷങ്ങളിൽ നടത്തിയ ശ്രമാവഹവും ഏകതാനവുമായ അദ്ധ്യയനത്തിന്റെ ഫലമാണ് ഫാദർ ജോൺ വട്ടക്കിയുടെ 'ഗംഗേശന്റെ ഈശ്വരദർശനം' എന്ന ഗ്രന്ഥം. മൂന്നു് അദ്ധ്യായങ്ങളുള്ള ഈ ഗ്രന്ഥത്തിലെ ആദ്യാദ്ധ്യായം ഭാരതീയ ന്യായശാസ്ത്രത്തിലെ ഈശ്വരദർശനത്തിന്റെ വിശദാവലോകനമാണ്. നൂററമ്പതു പേജുകളുള്ള ഈ പ്രബന്ധം ഈശ്വരന്റെ അസ്തിത്വം യുക്തികൊണ്ടു സ്ഥാപിക്കുന്ന നൈയായികരും യുക്തികൊണ്ടുതന്നെ അതു നിഷേധിക്കുന്ന ബൗദ്ധരും തമ്മിൽ ശതാബ്ദങ്ങളിലൂടെ നടന്ന രസകരമെങ്കിലും ദുർഗ്രഹമായ സംവാദത്തെ ഇഴവിടർത്തി പരിശോധിക്കുന്നു. വിപുലമായ ഗ്രഹണശക്തിയുടെയും നിശിതമായ അപഗ്രഥനശക്തിയുടെയും പരിണതഫലമാണു ദീർഘമായ ഈ ഉപോദ്ഘാതം.

രണ്ടാമത്തെ അദ്ധ്യായത്തിൽ തത്ത്വചിന്താമണിയിലെ ഈശ്വരവാദം സംസ്കൃതത്തിൽത്തന്നെ ഉദ്ധരിച്ച് ആകാവുന്നത്ര ലളിതവും കണിശവുമായ ഇംഗ്ലീഷിൽ അതു വിവർത്തനം ചെയ്തിരിക്കുന്നു. ഈ ഭാഗത്തിന് ഏറെക്കുറെ വിശദമായ വ്യാഖ്യാനമാണ് മൂന്നാമത്തെ അദ്ധ്യായം.

പാശ്ചാത്യരായ സംസ്കൃത പണ്ഡിതന്മാരിൽ ഭൂരിഭാഗവും ന്യായശാസ്ത്രത്തെ തൊടാതെ വിടുകയാണ് ചെയ്തിട്ടുള്ളത്. ന്യായശാസ്ത്രപഠനത്തിനു ശ്രമിച്ചിട്ടുള്ള പാശ്ചാത്യരിൽത്തന്നെ മിക്കവരും ഗംഗേശോപാധ്യായനെ ശരിക്കു മനസ്സിലാക്കുകയോ അദ്ദേഹത്തിന്റെ മഹത്ത്വമറിഞ്ഞ് ആദരിക്കുകയോ ചെയ്തിട്ടില്ല. തത്ത്വചിന്താമണിയിലെ ഒരു ചെറിയ ഭാഗം മാത്രമാണ് ഫാദർ വട്ടകി ഈ ഗ്രന്ഥത്തിൽ പഠനവിഷയമാക്കിയിട്ടുള്ളത്. എങ്കിലും, ഈ പഠനം ഗംഗേശോപാധ്യായന്റെ പ്രതിഭയെ അതിന്റെ എല്ലാ ഉജ്ജ്വലതയോടും കൂടി പണ്ഡിതലോകത്തിനു മുമ്പിൽ അവതരിപ്പിക്കാൻ പര്യാപ്തമായിട്ടുണ്ട് എന്നതിൽ യാതൊരു സംശയവുമില്ല.

വർഷങ്ങൾക്കിടയിൽ വല്ലപ്പോഴുമൊരിക്കൽ മാത്രം പ്രത്യക്ഷപ്പെടുന്ന ചില അസാധാരണ ഗ്രന്ഥങ്ങളുണ്ടല്ലോ. അത്തരത്തിലൊന്നാണ് ഫാദർ വട്ടകിയുടെ 'ഗംഗേശന്റെ ഈശ്വരദർശനം'. ന്യായ–വ്യാകരണ ശാസ്ത്രങ്ങളിൽ അഗാധമായ പാണ്ഡിത്യമാർജിച്ചിരുന്ന പരേതനായ പണ്ഡിതരാജൻ ദാമോദരപ്പിഷാരടിയുടെ സഹായത്തോടെയാണ് 'മണി'യുടെ ഉള്ളിലേക്ക് ഫാദർ വട്ടകി കടന്നുചെന്നിട്ടുള്ളത്. അദ്ദേഹത്തിന്റെ ഗുരുകുല ക്ലിഷ്ടതയുടെ എല്ലാ സൽഫലങ്ങളും ഈ ഗ്രന്ഥത്തിൽ കാണാവുന്നതാണ്.

## 76. ശ്രീകൃഷ്ണന്റെ ദ്വാരക

ഉത്തരപ്രദേശിലെ മഥുര എന്ന പട്ടണത്തിൽ അമ്മാമനായ കംസന്റെ കാരാഗൃഹത്തിലാണ് ശ്രീകൃഷ്ണൻ പിറന്നത്. ഈ സ്ഥലം 'കൃഷ്ണജന്മഭൂമി' എന്ന പേരിൽ ഇപ്പോഴും തിരിച്ചറിയപ്പെടുന്നുണ്ട്. കംസനെ ശ്രീകൃഷ്ണൻ നിഗ്രഹിച്ചതിനുശേഷം കംസന്റെ പിതാവായ ഉഗ്രസേനന്റെ വാഴ്ചക്കാലത്ത് മഥുരയ്ക്കെതിരെ കിഴക്കുനിന്ന് ജരാസന്ധൻ എന്ന മഗധരാജാവും വടക്കുനിന്ന് ഒരു യവനരാജാവും ഒരേസമയത്തു പടയെടുത്തുവന്നപ്പോൾ നഗരം രക്ഷിക്കുക പ്രയാസമെന്നു കണ്ട് ശ്രീകൃഷ്ണൻ മഥുരനിവാസികളായ യാദവന്മാരെ മുഴുവൻ പടിഞ്ഞാറെ കടലിലുള്ള ദ്വാരക എന്ന ദ്വീപിലേക്കു മാറ്റിപ്പാർപ്പിച്ചു. ശ്രീകൃഷ്ണന്റെ മരണത്തിനുശേഷം ദ്വാരക കടലിൽ മുങ്ങിപ്പോയി. ഇതാണ് ഹൈന്ദവ പുരാണങ്ങളിൽനിന്ന് അറിയാവുന്ന ദ്വാരകയുടെ ഇതിഹാസം.

ഈ ഇതിഹാസത്തിൽ ചരിത്രസത്യം എത്രമാത്രമുണ്ട്? 'അന്തസ്സമുദ്ര പുരാതത്ത്വവിജ്ഞാനം' (അണ്ടർ വാട്ടർ ആർക്കിയോളജി) എന്ന വിജ്ഞാനശാഖയുടെ വളർച്ച ഇത്തരമൊരു അന്വേഷണത്തെ സാദ്ധ്യതയുടെ സീമയിൽ എത്തിച്ചത് 1980–കളിലായിരുന്നു. ഗോവയിലെ ദേശീയ സമുദ്ര ശാസ്ത്രസ്ഥാപനം (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യാനോഗ്രാഫി) കച്ഛ് കടലിൽ ദ്വാരകയുടെ സ്ഥാനം നിർണയിക്കുന്നതിനുള്ള പരിശ്രമങ്ങൾ 1983–ാമാണ്ടിൽ ആരംഭിച്ചു. 'ബേത് ദ്വാരക' എന്ന പേരിൽ ഇപ്പോൾ അവിടെയുള്ള ദ്വീപിന്റെ പടിഞ്ഞാറുഭാഗത്ത് കടലിൽ ഒരു പ്രാചീന നഗരത്തിന്റെ അവശിഷ്ടങ്ങൾ ഈ സ്ഥാപനം 1984 ഡിസംബറിൽ കണ്ടെത്തി. ഈ നഗരം 3500–ഓ 3300–ഓ വർഷങ്ങൾ മുമ്പു കടലിൽ മുങ്ങിപ്പോയതാവാം എന്നായിരുന്നു പുരാതത്ത്വവിജ്ഞാനികളുടെ നിഗമനം.